പതിനാലാം കേരള നിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: **5148** **28.10.2016**-ലെ മറുപടിക്ക്

## കെ.എസ്.ആർ.ടി.സി.യെ സാമ്പത്തിക പരാധീനതകളിൽനിന്നും രക്ഷപെടുത്താൻ നടപടി

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. പി.കെ.ബഷീർ | ശ്രീ. എ.കെ. ശശീന്ദ്രൻ<br>(ഗതാഗത വകുപ്പു മന്ത്രി) |

| | | | |
| --- | --- | --- | --- |
| (എ) | കെ.എസ്.ആർ.ടി.സി.യെ സാമ്പത്തിക പരാധീനതകളിൽ നിന്നും രക്ഷപ്പെടുത്താൻ എന്തെല്ലാം പദ്ധതികളാണ് പരിഗണനയിലുള്ളതെന്ന് വ്യക്തമാക്കുമോ; | (എ) | ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം കെ.എസ്.ആർ.ടി.സി.യെ നവീകരിച്ച് പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന് ഒട്ടേറെ പദ്ധതികൾ ആവിഷ്ക്കരിച്ച് വരികയാണ്. വരുമാനക്കുറവുള്ള സർവ്വീസുകൾ പുനഃക്രമീകരിച്ച് വരുമാനം വർദ്ധിപ്പിക്കുന്നതിനും നിലവിലുള്ള ഡ്യൂട്ടി പാറ്റേൺ സിസ്റ്റം പരിഷ്ക്കരിച്ച് മാൻ പവർ യൂട്ടിലൈസേഷൻ കൂട്ടുന്നതിനുമുള്ള നടപടികൾ നടന്നു വരികയാണ്. തമിഴ്നാട്, കർണ്ണാടക എന്നീ സംസ്ഥാനങ്ങളിലേക്കുള്ള അന്തർ സംസ്ഥാന സർവ്വീസുകളുടെ എണ്ണം വർദ്ധിപ്പിക്കുന്നതിലേക്കായി പുതിയ അന്തർ സംസ്ഥാന കരാറുകളിൽ എത്തിച്ചേരുന്നതിനുള്ള നടപടികളും നടന്നുവരികയാണ്. അന്തർ സംസ്ഥാന സർവ്വീസുകളിലേക്ക് കൂടുതൽ യാത്രക്കാരെ ആകർഷിക്കുന്നതിലേക്കായി തിരക്കില്ലാത്ത ദിവസങ്ങളിൽ യഥാർത്ഥ നിരക്കിൽ നിന്നും 15 ശതമാനം ഇളവ് ഇപ്പോൾ അനുവദിച്ച് വരുന്നുണ്ട്. അതോടൊപ്പം റെയിൽവേ മാതൃകയിൽ തൽക്കാൽ സംവിധാനവും കഴിഞ്ഞ ഓണക്കാലം മുതൽ കെ.എസ്.ആർ.ടി.സി ഏർപ്പെടുത്തി കഴിഞ്ഞിട്ടുണ്ട്. കൂടാതെ കെ.എസ്.ആർ.ടി.സി ബസുകളിൽ ജി.പി.എസ്. / വെഹിക്കിൾ ട്രാക്കിംഗ് സിസ്റ്റം (VTS) നടപ്പിലാക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. യാത്രക്കാർക്ക് ഇന്റർനെറ്റ് |

| | | | |
|---|---|---|---|
| | | | ഉപയോഗിക്കുന്നതിന് വേണ്ടി വൈഫൈ സംവിധാനം പരീക്ഷണാടിസ്ഥാനത്തിൽ എറണാകുളം - ബാംഗ്ലൂർ സർവ്വീസ് നടത്തുന്ന രണ്ട് മൾട്ടി ആക്സിൽ വോൾവോ ബസുകളിലും, കെ.യു.ആർ.ടി. സി.യുടെ രണ്ട് ലോ ഫ്ളോർ എ.സി. വോൾ വോ ബസുകളിലും ഘടിപ്പിക്കുകയുണ്ടായി. ടി സംവിധാനം മറ്റ് പ്രധാന സൂപ്പർക്ലാസ് സർവ്വീസുകളിലും നടപ്പിലാക്കുവാൻ ഉദ്ദേശി ക്കുന്നു. കെ.എസ്.ആർ.ടി.സി.ക്ക് ടിക്കറ്റ് വരു മാനത്തിനു പുറമേ, ബസ് സ്റ്റേഷനുകളിലെ സ്റ്റാളുകൾ, ക്യാന്റീൻ, ഷോപ്പിംഗ് കോംപ്ല ക്സിലെ മുറികൾ എന്നിവ ലേലം/ടെണ്ടർ മുഖേന വാടകയ്ക്ക് നൽകിയും കെ.എസ്. ആർ.ടി.സി. ബസുകളിലും ബസ് സ്റ്റേഷനു കളിലും പരസ്യം പതിക്കുന്നതിന് ടെണ്ടർ മുഖേന ലൈസൻസിയെ കണ്ടെത്തി നൽകി യത് വഴിയും, കോഫീവെൻഡിംഗ് മെഷീൻ, എ.ടി.എം. എന്നിവ സ്ഥാപിച്ച് പ്രവർത്തിപ്പി ക്കുവാൻ സ്ഥലം വാടകയ്ക്ക് നൽകുന്നതി ലൂടെയും കൊറിയർ സർവ്വീസ് നടത്തിയും കെ.എസ്.ആർ.ടി.സി.ക്ക് ടിക്കറ്റേതര വരു മാനം ലഭിച്ചു വരികയാണ്.<br>കെ.എസ്.ആർ.ടി.സി. ബസുകളെ കംപ്രസ്ഡ് നാച്വറൽ ഗ്യാസ് (CNG)-ലേക്ക് മാറ്റുന്നതിനുള്ള നടപടി ആരംഭിച്ചിട്ടുണ്ട്. കേരള സർക്കാരിന്റെ 2016-17 ബഡ്ജറ്റിൽ കെ.എസ്.ആർ.ടി.സി.യുടെ 1000 പുതിയ സി.എൻ.ജി ബസുകൾ ഇറക്കുന്നതിന് 300 കോടി രൂപ പ്രത്യേക നിക്ഷേപ പദ്ധതിയിൽ നിന്നും വായ്പയായി ലഭ്യമാക്കുമെന്ന് പ്രഖ്യാപിച്ചിട്ടുണ്ട്. നടപ്പുവർഷം 50 കോടി രൂപയാണ് ചെലവ് പ്രതീക്ഷിക്കുന്നത്. സി.എൻ.ജി. ബസിലേക്ക് മാറുമ്പോൾ കെ.എസ്.ആർ.ടി.സി.യുടെ ചിലവ് കുറക്കു വാൻ സാധിക്കുമെന്ന് പ്രതീക്ഷിക്കുന്നു. |

| | | | |
|---|---|---|---|
| | | | അഞ്ചു വർഷം കൊണ്ട് ഭൂരിഭാഗം ബസുകളും സി.എൻ.ജി. ഇന്ധനത്തിലേക്ക് മാറ്റുന്നതിന് ലക്ഷ്യമിടുന്നുണ്ട്.<br>കൂടാതെ കെ.എസ്.ആർ.ടി.സി.യുടെ സമഗ്രമായ പഠനത്തിനും പുനഃസംഘടനയ്ക്കുമായി 24-9-16ലെ GO(Rt) No.367/2016/Tran പ്രകാരം ഐ.ഐ.എം.ലെ പ്രൊഫ. സുശീൽ ഖന്നയെ കൺസൽട്ടന്റ് ആയി നിയമിക്കുകയും ചെയ്തിട്ടുണ്ട്. ബസ് സ്റ്റാൻഡുകളെ ആധുനിക വത്കരിക്കുകയും വരുമാന ദായകമാക്കുകയും ചെയ്യുന്നതിനുള്ള നടപടികൾ പരിഗണനയിലാണ്. മൈലേജ്, മെയിന്റൻസ് തുടങ്ങിയ മേഖലകളിൽ ഉത്പാദന ക്ഷമത ഉണ്ടാക്കുന്നതിനും ബ്രേക്ക്ഡൗണുകൾ, അപകടങ്ങൾ എന്നിവ കുറയ്ക്കുന്നതിനും സമയബന്ധിത കർമ്മ പരിപാടി തയ്യാറാക്കുന്നതാണ്. |
| (ബി) | കെ.എസ്.ആർ.റ്റി.സി. കൊറിയർ സർവ്വീസ് ആരംഭിച്ചത് വിജയകരമായി പ്രവർത്തിക്കുന്നുണ്ടോ; വിശദമാക്കുമോ; കൊറിയർ സർവ്വീസ് എല്ലാ ഡിപ്പോയിൽ നിന്നും നടത്തുന്നുണ്ടോ; ഇല്ലെങ്കിൽ എല്ലാ ഡിപ്പോകളെയും ബന്ധിപ്പിച്ചു കൊണ്ട് കൊറിയർ സർവ്വീസ് നടത്താൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; | (ബി) | കെ.എസ്.ആർ.ടി.സി. ട്രാക്കോൺ കൊറിയേഴ്സ് പ്രൈവറ്റ് ലിമിറ്റഡുമായി ലാഭം പങ്കുവയ്ക്കുന്ന രീതിയിൽ ആരംഭിച്ചിട്ടുള്ള കൊറിയർ സർവ്വീസ് വിജയകരമായി പ്രവർത്തിച്ചുവരുന്നു. സ്ഥല സൗകര്യം ലഭ്യമായ പ്രധാന ബസ് സ്റ്റേഷനുകളിൽ എല്ലാം ട്രാക്കോൺ കൊറിയേഴ്സ് ഓഫീസ് പ്രവർത്തിച്ചുവരുന്നു. |
| (സി) | സ്വകാര്യ പങ്കാളിത്തത്തോടെ ഹോം ഡെലിവറി സംവിധാനം കൂടി നടപ്പിലാക്കാൻ ഉദ്ദേശിയ്ക്കുന്നുണ്ടോ; വിശദമാക്കുമോ? | (സി) | നിലവിൽ ട്രാക്കോൺ കമ്പനിയുമായി അഞ്ചു വർഷത്തേക്ക് കരാറിൽ ഏർപ്പെട്ടതിൽ ഹോം ഡെലിവറിയ്ക്ക് വ്യവസ്ഥയില്ല. |

സെക്ഷൻ ഓഫീസർ